# സമഗ്ര ശിക്ഷാ കേരളം
## വാർഷിക മൂല്യനിർണ്ണയം 2024-2025
## മലയാളം

**ക്ലാസ് - 3** **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര്.................................

വിദ്യാലയത്തിന്റെ പേര്.................................

ഡിവിഷൻ.................................

രക്ഷിതാവിന്റെ ഒപ്പ്.................................

അധ്യാപകന്റെ ഒപ്പ്.................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം എഴുതാം | |
| 2 | ക്രമത്തിലെഴുതാം | |
| 3 | കത്തെഴുതാം | |
| 4 | അറിയിപ്പ് തയ്യാറാക്കാം | |
| 5 | പോസ്റ്റർ തയ്യാറാക്കാം | |
| 6 | വരികൾ കൂട്ടിച്ചേർക്കാം | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറുപ്രവർത്തനങ്ങളിൽ ഒന്നാമത്തേതിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലെണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണ്ണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപുള്ള പതിനഞ്ചുമിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് കടലാസ് അധികം ഉപയോഗിക്കാം.

### പ്രവർത്തനം 1. വായിക്കാം എഴുതാം

**റാണിയുടെ ഡയറി**

01/02/2025

ഇന്നത്തെ ദിവസം മറക്കാനേ കഴിയില്ല. ഇന്ന് മുത്തശ്ശിയുടെ വീട്ടിൽ പോയി. മുത്തശ്ശിയോടൊപ്പം പറമ്പ് മുഴുവൻ ചുറ്റിനടന്നു. ഹായ്! പച്ചവിരിപ്പിൽ മഞ്ഞപ്പുള്ളികൾ പോലെ നിറയെ മുക്കുറ്റിപ്പൂക്കൾ! അങ്ങിങ്ങ് പച്ചത്തണ്ടുംചുവന്നതണ്ടുമായി വാഴക്കൂട്ടങ്ങൾ അതിഥികളായെത്തുന്ന അണ്ണാറക്കണ്ണന്മാർക്ക് മധുരമൂറും തേൻവിളമ്പി സന്തോഷിക്കുന്നു. വയറു നിറഞ്ഞ സന്തോഷം കൊണ്ടാവാം അണ്ണാറക്കണ്ണന്മാർ വാലനക്കി താളം പിടിച്ച് ചിൽ, ചിൽ ശബ്ദത്തിൽ നന്ദി പറഞ്ഞു. കൈയിലിരുന്ന ചാരം വാഴച്ചുവട്ടിലിട്ട് മുത്തശ്ശി ഒരു വാഴക്കൂമ്പൊടിച്ചു. തോരൻ വയ്ക്കാനാണത്രേ. പച്ചിലകൾക്കിടയിലെ ചുവന്ന ചിത്രപ്പണി കണ്ടപ്പോൾ കൗതുകമായി. പഴുത്ത കോവയ്ക്കയാണത്. അടുത്തേയ്ക്ക് ചെന്നു. ആഹാ! ഇലകൾക്കിടയിൽ നിറയെ പച്ചക്കോവയ്ക്ക! ഒരെണ്ണം പറിച്ചെടുത്തു. ചെറിയ കറയും നല്ല കട്ടിയും, കടിക്കുമ്പോൾ ഒരൊച്ചയും. പഴുത്തത് ഒരെണ്ണം മുത്തശ്ശി പറിച്ചുതന്നു. വായിൽ അലിഞ്ഞു പോകുന്നു. തത്തമ്മയുടെ കരച്ചിൽ കേട്ടാണ് തിരിഞ്ഞു നോക്കിയത്. മുത്തശ്ശി നട്ടുവളർത്തിയ പയർമണികൾ തത്തമ്മ കൊത്തിത്തിന്നുന്നു. ഞാൻ അവയെ പേടിപ്പിച്ച് ഓടിക്കാൻ ശ്രമിച്ചു. മുത്തശ്ശി ചിരിച്ചുകൊണ്ട് വിലക്കി: "നമുക്ക് മാത്രമല്ല വിശപ്പുള്ളത്. എല്ലാ ജീവികൾക്കും ഉണ്ട്. ആ ചെറിയ ജീവിയുടെ വയർ എത്ര ചെറുതായിരിക്കും. വയർ നിറയും വരെ മാത്രമല്ലേ അത് കഴിക്കൂ. കഴിക്കട്ടെ." മുത്തശ്ശിയുടെ വാക്കുകൾ ഞാൻ ഉൾക്കൊണ്ടു. എല്ലാവരും കഴിക്കട്ടെ! എല്ലാവരും നിലനിൽക്കട്ടെ! എല്ലാവരും വളരട്ടെ!

റാണിയുടെ ഡയറി വായിച്ചല്ലോ. ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതൂ.

i. പച്ചവിരിപ്പിലെ മഞ്ഞപ്പുള്ളികൾ എന്താണ്?
(എ) കോവയ്ക്ക
(ബി) മുക്കുറ്റിപ്പൂവ്
(സി) വാഴപ്പൂവ്
(ഡി) അണ്ണാറക്കണ്ണൻ

ii. ദയ എന്ന പദത്തിന് പകരം പ്രയോഗിച്ചിട്ടുള്ള വാക്കേത്?
(എ) അലിവ്
(ബി) മന്ദഹാസം
(സി) ചാരം
(ഡി) വിലക്ക്

iii. വിശപ്പുള്ളത് എന്ന പദം പിരിച്ചെഴുതുക.
(എ) വിശപ്പ് + ള്ളത്
(ബി) വിശപ്പു + ഉള്ളത്
(സി) വിശപ്പ് + ഉള്ളത്
(എ) വിശപ്പു + ള്ളത്

iv. ആഹാ! ഇലകൾക്കിടയിൽ നിറയെ പച്ചക്കോവയ്ക്ക.
അടിവരയിട്ടിരിക്കുന്ന പദം ഉളവാക്കുന്ന ഭാവം ഏത്?
(എ) സങ്കടം
(ബി) ദേഷ്യം
(സി) അതിശയം
(ഡി) പരിഹാസം

v. തത്തമ്മയെ പായിക്കാൻ ശ്രമിച്ച റാണിയെ മുത്തശ്ശി വിലക്കിയത് എന്തുകൊണ്ടാവാം?
(എ) മുത്തശ്ശിക്ക് തത്തയെ പിടിക്കാൻ വേണ്ടി.
(ബി) എല്ലാ ജീവികളും ഭൂമിയുടെ അവകാശികളായതുകൊണ്ട്.
(സി) പയർമണി മുത്തശ്ശി നട്ടുവളർത്തിയതു കൊണ്ട്.
(ഡി) മുത്തശ്ശിക്ക് തത്തയെ ഇഷ്ടമായതു കൊണ്ട്.

**പ്രവർത്തനം 2. ക്രമത്തിലെഴുതാം**

റാണിയും മുത്തശ്ശിയും പറമ്പിൽ നിന്നു ശേഖരിച്ച പഴങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്

| | |
|---|---|
| മാമ്പഴം | പപ്പായ |
| കൈതച്ചക്ക | പേരക്ക |

i. പഴങ്ങളുടെ പേരുകൾ അക്ഷരമാലക്രമത്തിൽ എഴുതുക.

ii. ചുള്ളിക്കൊമ്പിൽ നിറയെ പച്ചക്കിളികൾ
വളർന്നു വളർന്ന് ചിലർ മഞ്ഞയായി,
ചിലരോ ചുവപ്പും.

ഈ കടങ്കഥയ്ക്ക് ഉത്തരം ഏത്?

| | | | |
|---|---|---|---|
| (എ) ചക്കപ്പഴം | | (ബി) | മുന്തിരിങ്ങ |
| (സി)പറങ്കിമാങ്ങ | | (ഡി) | ആപ്പിൾ |

iii. ഒരു പഴത്തിന്റെ പേര് ഉത്തരമായി വരുന്ന കടങ്കഥ എഴുതുക.


## പ്രവർത്തനം 3. കത്തെഴുതാം



മുത്തശ്ശിയുടെ വീട്ടിൽനിന്നു തിരിച്ചെത്തിയ റാണി, കൂട്ടിലടച്ചു വളർത്തിയിരുന്ന തത്തമ്മയെ തുറന്നുവിട്ടു. കൂട്ടിൽനിന്നു സ്വാതന്ത്ര്യത്തിലേക്ക് തത്ത പറന്നുയർന്നു. സ്വതന്ത്ര ലോകത്തെത്തിയ തത്ത റാണിക്ക് നന്ദി പറഞ്ഞുകൊണ്ട് ഒരു കത്തെഴുതി. എന്തായിരിക്കും തത്ത എഴുതിയിട്ടുണ്ടാവുക.

**കത്ത് എഴുതി നോക്കൂ.**

## പ്രവർത്തനം 4. അറിയിപ്പ് തയ്യാറാക്കാം



വേനൽച്ചൂട് ഏറിവരികയാണല്ലോ. പ്രകൃതിയിലെ കൂട്ടുകാരായ കിളികൾ ഒരിറ്റ് ദാഹജലത്തിനായി അലയുന്നത് നാം കാണുന്നില്ലേ. റാണിയുടെ സ്കൂളിലെ പരിസ്ഥിതിക്ലബ്ബ് കിളികൾക്ക് കുടിക്കാനും കുളിക്കാനുമായി പക്ഷിക്കുളം പണിതു.

ഉദ്ഘാടനത്തിന്റെ അറിയിപ്പ് തയ്യാറാക്കൂ.

## പ്രവർത്തനം 5. പോസ്റ്റർ തയ്യാറാക്കാം

പക്ഷിക്കൂളം ഉദ്ഘാടനത്തിന് സ്കൂൾ അലങ്കരിക്കുന്ന തിരക്കിലാണ് റാണിയും കൂട്ടുകാരും. പെട്ടെന്നാണ് കൂട്ടുകാരിയായ നിമ്മിയുടെ നിലവിളി കേട്ടത്. ആരോ വലിച്ചെറിഞ്ഞ പഴത്തൊലിയിൽ ചവിട്ടി തെന്നിവീണു, ആ പാവം. "ഉപയോഗശൂന്യമായ വസ്തുക്കൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിഞ്ഞാൽ ഇത്തരം പല ബുദ്ധിമുട്ടുകളും ഉണ്ടാകും," നിമ്മിയെ ആശ്വസിപ്പിച്ചു കൊണ്ട് ടീച്ചർ പറഞ്ഞു. മലിനീകരണത്തിനെതിരെ ഒരു പോസ്റ്റർ സ്ഥാപിക്കാൻ റാണിയും കൂട്ടുകാരും തീരുമാനിച്ചു.

**നിങ്ങളും ഒരു പോസ്റ്റർ തയ്യാറാക്കൂ.**

**പ്രവർത്തനം 6. വരികൾ കൂട്ടിച്ചേർക്കാം**

പക്ഷികളും ഉദ്ഘാടനത്തിന് റാണിയും കൂട്ടുകാരും ചേർന്നു പാടിയ പാട്ടിന്റെ ആദ്യഭാഗമാണ് ചുവടെ കൊടുത്തിരിക്കുന്നത്. കൂടുതൽ വരികൾ എഴുതൂ.

പൂവുകൾതോറും നൃത്തം വയ്ക്കും
പുള്ളിപ്പൂമ്പാറ്റേ
പുതുപൂന്തേനിൻ രുചിയെപ്പറ്റി
ചൊല്ലിത്തന്നാട്ടേ
    മാവിനു ചുറ്റും പാറി രസിക്കും
    പൂവാലൻ കിളിയേ....

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................